**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1450** **10-10-2024 - ൽ മറുപടിയ്ക്ക്**

**ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് സൂപ്പർവൈസർ (ബി) ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ ടി ഐ കളിൽ നിന്നും ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് കോഴ്സ് പൂർത്തിയാക്കിയ ട്രെയിനികൾക്ക് സൂപ്പർവൈസർ (ബി) ലൈസൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത ട്രെയിനികൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ വിഷയത്തിൽ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് കോഴ്സ് പൂർത്തിയാക്കിയ ട്രെയിനികൾക്ക് സൂപ്പർവൈസർ ലൈസൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭ്യമായ നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വ്യാവസായിക പരിശീലന വകുപ്പ് ഒരു കമ്മിറ്റിയെ നിയമിക്കുകയും, ടി കമ്മിറ്റി റിപ്പോർട്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (സി) | ടി വിഷയം പരിശോധിക്കുന്നതിന് ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് കോഴ്സ് പൂർത്തിയാക്കിയ ട്രെയിനികൾക്ക് സൂപ്പർവൈസർ ലൈസൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭ്യമായ നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വ്യാവസായിക പരിശീലന വകുപ്പ് ഒരു കമ്മിറ്റിയെ നിയമിക്കുകയും, ടി കമ്മിറ്റി റിപ്പോർട്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സമിതിയുടെ ശിപാർശ എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് കോഴ്സ് പൂർത്തിയാക്കിയ ട്രെയിനികൾക്ക് സൂപ്പർവൈസർ ലൈസൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭ്യമായ നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വ്യാവസായിക പരിശീലന വകുപ്പ് ഒരു കമ്മിറ്റിയെ നിയമിക്കുകയും, ടി കമ്മിറ്റി റിപ്പോർട്ട് (പകർപ്പ് അനുബന്ധമായി |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

08 JUL 2024

## റിപ്പോർട്ട്

ഉത്തരവ് നമ്പർ DT/6324/2022-F1 തീയതി 21/5/2024 പ്രകാരം ആർക്കിടെക്ചർ അസിസ്റ്റന്റ് ട്രേഡ് പഠിച്ച വിജയിച്ച ട്രെയിനികൾ SUPERVISOR B LICENCE എടുക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്

രണ്ട് വർഷം ദൈർഘ്യമുള്ള NCVT ട്രേഡ് ആണ് ആർക്കിടെക്ചർ ഡ്രാഫ്റ്റ്സ്മാൻ . ടി സിലബസ് പരിശോധിച്ചതിൽ ഒന്നാം വർഷം 195 hrs രണ്ടാം വർഷം 378 hrs വീതം (68% professional skill) ട്രെയിനികൾക്കു Building design and drafting ൽ പരിശീലനം നൽകുന്നു. കൂടാതെ 300 hrs OJT, വിവിധ കെട്ടിടങ്ങൾ സന്ദർശിച്ച case study നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നതിനാൽ പ്രസ്തുത മേഖലയിൽ ട്രെയിനികൾക്ക് ധാരാളം ഫീൽഡ് എക്സ്പീരിയൻസ് ലഭിക്കുന്നുണ്ട്. എന്നാൽ ഒരു വർഷ ദൈർഘ്യമുള്ള ആർക്കിടെക്ചർ അസിസ്റ്റന്റ് NCVT Trade ൽ ഏകദേശം 9 ആഴ്ച ( Professional skill 26%) മാത്രമേ Building drawing ൽ ട്രെയിനികൾക്ക് പരിശീലനം ലഭിക്കുന്നുള്ളൂ . 2 ആഴ്ച project report/OJT in any Architect office ആണ് സിലബസ്സിൽ പ്രതിപാദിച്ചിരിക്കുന്നത്. ആർക്കിടെക്ചർ അസിസ്റ്റന്റ് ട്രേഡ് പഠിച്ച വിജയിക്കുന്ന കുട്ടികൾക്ക് ഫീൽഡ് എക്സ്പീരിയൻസ് ലഭിക്കുന്നുമില്ല .

KMBR Appendix H2 അനുസരിച്ച് 2 വർഷ ഐ ടി ഐ ട്രേഡ് സർട്ടിഫിക്കറ്റും 5 വർഷത്തെ പരിചയസമ്പന്നതയും ഉള്ളവർക്ക് ആണ് സൂപ്പർവൈസർ ബി ലൈസൻസ് ലഭിക്കുന്നത്. KMBR Appendix H2 അനുസരിച്ച് സൂപ്പർവൈസർ ബി ലൈസൻസ് ലഭിക്കുന്നതിനുവേണ്ട യോഗ്യതയിൽ (v) പ്രകാരം സർട്ടിഫിക്കറ്റ് ഇൻ ബിൽഡിംഗ് ടെക്നോളജി ഉള്ളവർക്ക് 10 വർഷത്തെ പരിചയ സമ്പന്നതയാണ് പ്രതിപാദിച്ചിരിക്കുന്നത്. ഒരു വർഷ ദൈർഘ്യമുള്ള ആർക്കിടെക്ചർ അസിസ്റ്റന്റ് കോഴ്സിന് മതിയായ ഫീൽഡ് എക്സ്പീരിയൻസ് ഇല്ലാത്തതിനാൽ ട്രെയിനികൾക്ക് കൂടുതൽ പ്രാവീണ്യം ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

F3
8/7/24

ആയതിനാൽ ആർക്കിടെക്ചർ അസിസ്റ്റന്റ് ട്രേഡ് സർട്ടിഫിക്കറ്റും 10 വർഷത്തെ പരിചയ സമ്പന്നതയും ഉള്ളവർക്ക് Supervisor B licence എടുക്കുവാൻ ശുപാർശ ചെയ്യുന്നതാണ് ഉചിതമെന്ന് കമ്മിറ്റി റിപ്പോർട്ട് ചെയ്തത് എന്ന് അറിയിക്കുന്നു.

കമ്മിറ്റി അംഗങ്ങൾ

1) രജനി. വി -പ്രിൻസിപ്പാൾ ഐ .ടി .ഐ ചെന്നീർക്കര 8/7/24

2) അന്നമ്മ വർഗീസ് -ജി .ഐ ഐ .ടി .ഐ ചാക്ക 8.07.24

3) ഷാനിത് എസ് - എസ് .ഐ ഐ .ടി .ഐ തേവലക്കര 8/7/24

4) ആഷ്‌ലി -ജോൺ എസ് .ഐ ഐ .ടി .ഐ പള്ളിക്കത്തോട് 8/7/24

സെക്ഷൻ ഓഫീസർ